(ബി) ഉവ്വ്.
(സി) ഫ ൦ ൻ,ഫ ൧ വ്യക.

മിസ്റ്റർ പി. കെ. ഡീവർ: ഇതിൽ B എന്ന ഉപചോദ്യത്തിന്നു് ഉവ്വ് എന്ന ഉത്തരം പറഞ്ഞിട്ടുണ്ടു്. ഇതിൽ പറയുന്ന ആളുകൾക്കു തടി പുറമേ കയറ്റിഅയക്കുന്നതിന്നു് ഇന്ത്യാഗവർമ്മെണ്ടിന്റെ പെർമിറ്റ വാങ്ങികൊടുക്കാൻ നമ്മുടെ ഗവർമ്മെണ്ടു് വല്ല സഹായവും ചെയ്തിട്ടുണ്ടോ, അല്ലെങ്കിൽ വാങ്ങികൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ലായെന്നാണു് എന്റെ അറിവു്.

മിസ്റ്റർ എം. കെ. രാജ: എല്ലാവക്കും ഒരേ വിലയ്ക്കുതന്നെയാണോ ഈ തടി കൊടുത്തതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിപ്പോൾ പറയാൻ പ്രയാസമാണു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: കണ്ടിക്ക എങ്ങിനെ വിലവച്ചാണു് കൊടുത്തതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതും ഇപ്പോൾ പറയാൻ പ്രയാസമാണു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഈ മരം വെട്ടി അവിടെ ശേഖരിക്കുന്നതിന്നു ഗവർമ്മെണ്ടിന്നു് എന്തു ചിലവായി?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ പി. കെ. ഡീവർ: ഫ, ൦ ൻ,ഫ ൧ വ്യത്രുപ ലാഭംകിട്ടിയെന്നു പറഞ്ഞിട്ടുണ്ടു്. ഈ സംഖ്യ ഇന്ത്യാഗവർമ്മെണ്ടിനു് വിറ്റ സംഖ്യ കഴിച്ചു ബാക്കിയുള്ളതാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ലാഭം കിട്ടിയതാണു് ഇവിടെ പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ പി. കെ. ഡീവർ: ലാഭംകിട്ടിയതു് എങ്ങനെയാണെന്നാണു ചോദിക്കുന്നതു്

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസുവേണം.

RATION SHOPS WITHIN THE TRICHUR MUNICIPALITY—OLLUR ROAD

248. മിസ്റ്റർ ജോസു് കെ. വള്ളീസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ പട്ടണാതൃത്തിയിൽനിന്നു് തെക്കോട്ടു് (ഒല്ലൂർ റോഡിൽ) ഒരു നാഴികക്കുള്ളിൽ എത്ര റേഷൻ പീടികകൾ ഉണ്ടു്;

(ബി) അയതു നടത്തുന്ന ഓരോരുത്തരുടേയും പേരു വിവരം, നടത്തിതുടങ്ങിയ കാലം മുതലായതു കാണിക്കുന്ന പട്ടിക വായിക്കാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) ൧.

(ബി) ഫ. സി. എ. അന്തോണി. ഫ ഫ ൻ മീനം ൨൯-ാംനു മുതൽ, ഫ. സി. ഐ. അന്തോണി. ഫ ഫ ൻ എടവം ൨൨-ാംനു മുതൽ ൧. റേറി. ഡി. പോൾ. ഫ ഫ ൨ തുലാം ൧൨-ാംനു മുതൽ.

മിസ്റ്റർ ജോസു് കെ. വള്ളീസു്: ഫ ഫ ൨ തുലാം ൧൨-ാംനു അവിടെ റേഷൻഷാപ്പുണ്ടായിരുന്നോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഉവ്വു്.

മിസ്റ്റർ ജോസു് കെ. വള്ളീസു്: ആരാണു് അതു് നടത്തിയിരുന്നതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: സി. ആർ. താരു.

മിസ്റ്റർ ജോസു് കെ. വള്ളീസു്: എന്തുകൊണ്ടാണു് അയാളെ മാറ്റിയതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അയാൾ മരിച്ചുപോയി.

മിസ്റ്റർ ജോസു് കെ വള്ളീസു്: അയാൾ ഷാപ്പുനടത്തുന്നകാലത്തു് വല്ല ആക്ഷേപവും ഉണ്ടായിരുന്നോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസുവേണം.

മിസ്റ്റർ ജോസു് കെ. വള്ളീസു്. അയാൾ മരിച്ചപ്പോൾ എഴുതിവച്ച ബില്ലുപ്രകാരമാണോ ഇപ്പോഴത്തെ ആൾക്കു കൊടുത്തതു്? (ചിരി)

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ജോസ് കെ. വള്ളീസ്: അവിടത്തെ കോ-ഓപ്പറേറിവ് സൊസൈറ്റിക്കാർ അപേക്ഷിച്ചിട്ട് എന്തുകൊണ്ടാണ് കൊടുക്കാതിരുന്നത്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസുവേണം.

മിസ്റ്റർ ജോസ് കെ. വള്ളീസ്: അന്നത്തെ ഫുഡ് മിനിസ്റ്ററുടെ ബ്രദർ അല്ലേ ഈ താരു എന്നു പറഞ്ഞ ആൾ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസുവേണം.

COMPLAINTS AGAINST PAY REVISION—PARTICULARS REGARDING

249. മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെന്റ് സദയം മറുപടി പറയുമോ.—

(എ) ശമ്പളപരിഷ്കരണ പദ്ധതി സംബന്ധിച്ച് ഏതെല്ലാം വിഭാഗങ്ങളിൽപെട്ട ഉദ്യോഗസ്ഥന്മാരിൽനിന്നാണ ഗവണ്മെന്റിനു് ആക്ഷേപം കിട്ടിയിട്ടുള്ളതു്;

(ബി) ഈ ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനു ഗവണ്മെന്റ് വല്ല നടപടിയും നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ.

(എ) അദ്ധ്യാപകന്മാർ, വില്ലേജുദ്യോഗസ്ഥന്മാർ, ആയുർവ്വേദ വൈദ്യന്മാർ എന്നിവരുടെ യൂണിയൻ സമ്മേളനങ്ങളിൽ ശമ്പളപരിഷ്കരണത്തെ സംബന്ധിച്ചു പാസാക്കിയ ആക്ഷേപപ്രമേയങ്ങൾ കിട്ടിയിട്ടുണ്ട്. ഇതിനുപുറമെ പല ഉദ്യോഗസ്ഥന്മാരുടേയും ആക്ഷേപങ്ങളും കിട്ടിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) പുതിയ ശമ്പളത്തോതു് അനുസരിച്ചുള്ള ശമ്പളവിതരണം ചെയ്തതിനുശേഷം ഈ ആക്ഷേപങ്ങളെക്കുറിച്ചു വേണ്ട നടപടി എടുക്കുന്നതാണ്.

റാവുബഹദൂർ ടി. കെ. നായർ: ഈ ചോദ്യത്തിനുള്ള ഉത്തരം വായിക്കുന്നതിനുമുമ്പ് ഒരു കാര്യം പറയാനുണ്ട്. ഇതിന്റെ ഉത്തരം തയ്യാറാക്കിയതിന്റെ ശേഷം അദ്ധ്യാപകന്മാരുടെ ശമ്പളം വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പറഞ്ഞിട്ടുള്ള മറവുള്ളവരുടെ കാര്യത്തെപ്പറ്റി ആലോചിച്ചുവരുന്നുമുണ്ട്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: പുതിയ ശമ്പളത്തോതനുസരിച്ചു് ശമ്പളവിതരണം ചെയ്യുന്നതിനുമുമ്പായിതന്നെ അദ്ധ്യാപകന്മാരുടെ ശമ്പളത്തോതു മാറ്റി എന്നു പറഞ്ഞു. അദ്ധ്യാപകന്മാരെപ്പോലെ മറവുള്ളവരും പ്രവർത്തിക്കാതിരുന്നതുകൊണ്ടാണോ അവരുടെ കാര്യത്തിൽ ഒരു അനുകൂലമായ തീരുമാനം ചെയ്യാതിരുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: അവരുടെ കാര്യം എക്സാമിൻചെയ്യുകയാണ്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: പേ റിവിഷൻ കമ്മറ്റി റിപ്പോർട്ടനുസരിച്ചുള്ള ശമ്പളം എല്ലാവർക്കും കൊടുത്തതിനുശേഷമേ ഏതെങ്കിലും വിഭാഗത്തിനു് ആക്ഷേപമുണ്ടെങ്കിൽ ആലോചിക്കുകയുള്ളു എന്നു പറഞ്ഞിട്ടും അദ്ധ്യാപകന്മാരുടെ കാര്യത്തിൽമാത്രം ഇങ്ങിനെ ഒരു മാറ്റം ചെയ്യാൻ കാരണമെന്താണു്?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ ഒരു സജഷൻ ഉണ്ടായിരുന്നു എങ്കിലും, അദ്ധ്യാപകന്മാരുടെ കാര്യത്തെപ്പറ്റി പ്രത്യേകം ആലോചിക്കേണ്ട ഒരു പരിതഃസ്ഥിതിവന്നു. അതുകൊണ്ടു് അവരുടെ കാര്യത്തെപ്പറ്റി കൺസിഡർ ചെയ്തു. മറവുള്ളവരുടെ കാര്യം ആലോചിച്ചുവരുന്നുണ്ട്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഇതിനുപുറമെ ഇതിനെസംബന്ധിച്ചു വേറേയും ചില ഉദ്യോഗസ്ഥന്മാരുടെ ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ടെന്നു പറഞ്ഞിരിക്കുന്നതു് ഏതെല്ലാം വിഭാഗത്തിൽപെട്ട ഉദ്യോഗസ്ഥന്മാരിൽനിന്നാണ്?

റാവുബഹദൂർ ടി. കെ. നായർ: ഇതിനെസംബന്ധിച്ചു് ഒരു സ്കൂൾ ഇഷ്യു ചെയ്തിട്ടുണ്ട്. പേറിവിഷൻ കമ്മിറ്റി റിപ്പോർട്ടപ്രകാരം എല്ലാ ഡിപ്പാർട്ടുമെൻറിലും കിട്ടേണ്ട ശമ്പളം കിട്ടിയതിനുശേഷം ഒറ്റയ്ക്കു് ഒറ്റയ്ക്കുള്ള ആക്ഷേപങ്ങളെപ്പറ്റി ആലോചിക്കും എന്നു പറഞ്ഞിട്ടുണ്ട്. അതിനുമുമ്പു് അതിനെപ്പറ്റി ആലോചിയ്ക്കാൻ തുടങ്ങിയാൽ പേ റിവിഷൻ കമ്മിറ്റി റിപ്പോർട്ടപ്രകാരമുള്ള ശമ്പളം കിട്ടാൻ വളരെ കാലതാമസം വരും.

LIBRARY ARCHIVES Kerala Legislative Assembly